പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4136 — 25-6-2014-ൽ മറുപടിക്ക്

## വിതുര തൊളിക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിതുര, തൊളിക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 34 കോടി രൂപയുടെ ഒരു പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്ത് പണി തുടങ്ങിയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; | (എ) വിതുര, തൊളിക്കോട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി 24 കോടി രൂപയുടെ ഭരണാനുമതിയിൽ 8 പാക്കേജുകളായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നാമത്തെ പാക്കേജിൽ വരുന്ന വെൽ-കം -പമ്പ് ഹൗസിന്റെയും റോവാട്ടർ പമ്പിംഗ് മെയിനിന്റെയും എഗ്രിമെന്റ് വച്ച് പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാമത്തെ പാക്കേജിൽ വരുന്ന 9.7 mld ജലശുദ്ധീകരണശാലയുടെ പണി പുരോഗമിക്കുന്നു. 50% പൂർത്തിയായി. മൂന്നാമത്തെ പാക്കേജിൽ വരുന്ന താവക്കൽ ടാങ്കിന്റെയും ജലശുദ്ധീകരണശാലയിൽ നിന്നും താവക്കൽ ടാങ്കിലേക്കുള്ള പമ്പിംഗ് മെയിനിന്റെയും പണി എഗ്രിമെന്റ് വച്ച് ടാങ്കിന്റെ പണി പുരോഗമിക്കുന്നു. 15% പൂർത്തിയായി. നാലാമത്തെ പാക്കേജിൽ വരുന്ന താവക്കൽ ടാങ്കിൽ നിന്നുള്ള ജലവിതരണ ശൃംഖലയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. തൊളിക്കോട് വില്ലേജിലെ ടാങ്കിനുള്ള തോട്ടുമുക്കിലെ സ്ഥലവും കണ്ടലാംകുഴി GLSR ന്റെ സ്ഥലവും ലഭ്യമാക്കാത്തതിനാൽ ബാക്കിയുള്ള പാക്കേജുകളുടെ ടെണ്ടർ വിളിക്കാനായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഒന്നാമത്തെ പാക്കേജിന്റെ കരാർ ശ്രീ. പ്രസന്നകുമാർ എന്ന കോൺട്രാക്ടറും രണ്ടാമത്തെയും മൂന്നാമത്തെയും കരാർ ചിക്കാഗോ കൺസ്ട്രക്ഷൻ എന്ന കമ്പനിയുമാണ് ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്. |
| (സി) | ഈ പദ്ധതിക്കായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരികയെന്ന് അറിയിക്കുമോ; | (സി) | തോട്ടുമുക്ക് ടാങ്കിനായി 30 സെന്റ് സ്ഥലമാണ് വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കണ്ടലാങ്കുഴി ടാങ്കിനുവേണ്ടി വിതുര പഞ്ചായത്ത് 5 സെന്റ് സ്ഥലം ഏറ്റെടുത്ത് നൽകുന്നുണ്ട്. |
| (ഡി) | ലാന്റ് അക്വിസിഷൻ സംബന്ധിച്ച വിഷയങ്ങൾ ഹൈപവർ കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ടോ; എന്തുതീരുമാനമാണ് പ്രസ്തുത കമ്മിറ്റി കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | (ഡി) | 19.3.2013-ൽ കൂടിയ ഹൈലെവൽ കമ്മിറ്റി ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി. |
| (ഇ) | ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (ഇ) | കുടിവെള്ള പദ്ധതിയുടെ ടാങ്കിനായി നൽകിയ അഭ്യർത്ഥനയും, ഗവൺമെന്റ് ഉത്തരവും ഭൂമിയിൽ സ്ഥാപിച്ച അലൈൻമെന്റും തമ്മിൽ വ്യത്യാസമുള്ളതിനാൽ സ്പെഷ്യൽ തഹസീൽദാർ (പൊന്നുംവില) അറിയിച്ചതനുസരിച്ച് പുതുക്കിയ അഭ്യർത്ഥന വാട്ടർ അതോറിറ്റിക്ക് നൽകുകയുണ്ടായി. എന്നാൽ ഇനി 2013 -ലെ ന്യായമായ നഷ്ടപരിഹാരവും പുനരധിവാസവും പുന:സ്ഥാപനവും, സുതാര്യമായ സ്ഥലമെടുപ്പ് നടപടി എന്നീ നിയമപ്രകാരം പുതിയ അഭ്യർത്ഥനയും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവും ലഭിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്ന് സ്പെഷ്യൽ തഹസിൽദാർ പൊന്നുംവില (ജനറൽ), തിരുവനന്തപുരം 13.5.2014 -ൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ